

# Anals Francis Alappatt CMI

## എൻെറ ഓർമ്മകളിലെ വിനീതച്ചൻ...



വിനീതച്ചൻ... പേരുപോലെ തന്നെയായിരുന്നു അച്ചൻെറ ജീവിതവും. അച്ചനിൽ വിളങ്ങിയിരുന്ന പുണ്യവും ഇതുതന്നെയായിരുന്നു. “ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും.” (മത്തായി 5:5). അതെ, വിനീതച്ചൻ മനുഷ്യഹൃദയങ്ങളെ സ്വന്തമാക്കിയ വ്യക്തിയാണ്. അച്ചനിൽ വിളങ്ങിയിരുന്ന വിനയവും, ഹൃദ്യമായ സംസാരശൈലിയും ഏവരെയും ആകർഷിക്കുന്നതായിരുന്നു.

എൻെറ അവധിക്കാലം കൂടുതൽ സമയവും മണ്ണുത്തിയിലെ പ്രേഷിതാരാമത്തിലാണ് ചിലവഴിക്കാറുള്ളത്. അവിടെ നമ്മുടെ അച്ചന്മാരുടെ ജീവിതവും, ലാളിത്യവും എന്നും എനിക്ക് പ്രചോദനമാണ്. അതിൽ എന്നെ കൂടുതൽ ആകർഷിച്ചത് വിനീതച്ചൻ തന്നെ ആയിരുന്നു. ഏറെ നേരം ദിവ്യകാരുണ്യ സന്നിധിയിൽ ഈശോയുമൊത്ത് സ്നേഹസംഭാഷണത്തിലായിരുന്ന വിനീതച്ചൻ ഇന്നും എൻെറ ഓർമ്മയിലുണ്ട്. നമ്മുടെ പ്രശ്നവേളകളിൽ ഒന്ന് തുറന്ന് സംസാരിക്കാൻ സുഹൃത്തുക്കളെ തേടി നമ്മൾ നടക്കുമ്പോൾ, ഒരിക്കലും കൈവിടാത്ത ദിവ്യകാരുണ്യത്തിലെ സുഹൃത്തിനോടൊത്തായിരുന്നു വിനീതച്ചൻ നടന്നിരുന്നതും, സംസാരിച്ചിരുന്നതും. എനിക്ക് തോന്നുന്നത് അച്ചന് ഒരേയൊരു വഴിയെ അറിയാമായിരുന്നുവെന്നാണ്: അത് ചാപ്പലിലേക്കുള്ള വഴി.

അച്ചൻ എന്നോട് സംസാരിച്ചിരുന്നത് പരിശുദ്ധ അമ്മയെ പറ്റിയാണ്. ഈശോ കഴിഞ്ഞാൽ പരിശുദ്ധ അമ്മയോട് അളവറ്റ ഭക്തി വിനീതച്ചനുണ്ടായിരുന്നു. കിടക്കയിൽ പരിശുദ്ധ അമ്മയുടെ ഒരു ഫോട്ടോയുണ്ട്. ആ ഫോട്ടോയും നോക്കി പരിശുദ്ധ അമ്മയോട് സ്നേഹസംഭാഷണവും നടത്തി, ആ ഫോട്ടോയും കെട്ടിപ്പിടിച്ചായിരിക്കും അച്ചൻ ഉറങ്ങുന്നത്. അച്ചൻ എന്നെ പഠിപ്പിച്ച ഒരു സുകൃതജപം ഞാൻ ഇവിടെ ചേർക്കുന്നു. അത് ഇങ്ങനെയാണ്: “പരിശുദ്ധ അമ്മേ, എൻെറ അമ്മേ, ഞാൻ സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതുവരെ എന്നെ കൈവെടിയരുതേ!” അടുത്തതായി വിനീതച്ചൻ തന്നെ എഴുതി എന്നെ പഠിപ്പിച്ച പരിശുദ്ധ അമ്മയോടുള്ള ഒരു ഗീതമാണ്: “അമ്മേ, അമ്മേ, മാതാവേ, സ്ത്രീകളിൽ ധന്യ നീയെന്നും; പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്,







യേശുവിൻ അമ്മേ നീയെന്നും." ഈ ഗീതം അച്ചൻ എന്നും പാടുമായിരുന്നു.

എളിയവരെയും വിനീതരെയും ദൈവം കൈപിടിച്ച് ഉയർത്തുമെന്ന ദൈവവചനം വിനീതച്ചൻെറ ജീവിതത്തിൽ യാഥാർത്യമാണ്. അച്ചനെ പരിചരിക്കുവാനും അച്ചൻെറ ദൈവൈകൃജീവിതം മാതൃകയാക്കാനും സാധിച്ചത് എൻെറ ജീവിതതാളുകളിലെ സ്വർണ്ണ നിമിഷങ്ങളായി കണക്കാക്കുന്നു. ദൈവം തൻെറ കാരുണ്യത്താൽ തൻെറ തിരുമുഖ ദർശനത്തിന് വിനീതച്ചനെ യോഗ്യനാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവതിരുനാമത്തിനു മഹത്വമുണ്ടായിരിക്കട്ടെ!

# Naiju Jose Kalambukattu CMI, Samanvaya, Bhopal

## Vineethly in Mission



My memories of Fr. Francis Vineeth go back to 2009 when I, along with my confreres, made a journey from Dharmaram Vidya Kshetram, Bengaluru, where I pursued my Licentiate in Theology to Vidyavanam Ashram, located in Bhoothanahalli village, nearly 6 km away from Bannerughatta. I met the acharya Francis Vineeth at the ashram but it was a casual, passing meeting and hardly we spent an hour at the ashram. That was the only meeting I had with this man of great intellectual acumen, academic calibre, and profound spirituality. Though it was a short visit without any prior notice, the alacrity with which he welcomed and the hospitality he extended prompted us to think as if he were waiting for us with bated breath. As Pope Francis states, "Fraternal love increases our capacity for joy" (*Gaudete et Exsultate, 128*). With a bright smile, he radiated "a positive and hopeful spirit" (*Gaudete et Exsultate, 122*). As his name 'Vineeth' signified, he was quite unassuming.

It was a mind-boggling experience to be there in the ashram premise at the top of the hill and walking